**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6234 — 02.04.2018 -ൽ മറുപടിക്ക്

## ക്ലീൻ ഡെസ്റ്റിനേഷൻ കാമ്പയിൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീമതി. വീണാ ജോർജ്ജ്<br>ശ്രീ. കാരാട്ട് റസാഖ്<br>ശ്രീ. സി.കെ. ശശീന്ദ്രൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് നിലവിൽ എത്ര ടൂറിസം ഡെസ്റ്റിനേഷനുകളാണ് ഉള്ളതെന്നും ഒരു പ്രദേശത്തെ ടൂറിസം ഡെസ്റ്റിനേഷനായി പ്രഖ്യാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ; | എ) 04.02.2011 ലെ 874/2011/ടി.എസ്.എം നമ്പർ സർക്കാർ ഉത്തരവിലെ മാർഗ്ഗ രേഖകൾ അനുസരിച്ചാണ് ഒരു പ്രദേശത്തെ ടൂറിസം ഡെസ്റ്റിനേഷനായി പ്രഖ്യാപിക്കുന്നത്. നിലവിൽ 68 ടൂറിസം ഡെസ്റ്റിനേഷനുകളാണ് ഉള്ളത്. |
| ബി) ടൂറിസം ഡെസ്റ്റിനേഷനുകളുടെ മേൽനോട്ടത്തിനും നടത്തിപ്പിനുമായി ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ചുമതലകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | ബി) ഉണ്ട്. ഡെസ്റ്റിനേഷനുകളുടെ നടത്തിപ്പും മേൽനോട്ടവുമാണ് പ്രധാനമായും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലിന്റെ ചുമതലയിലുള്ളത്. 15.08.2008 ലെ ജി.ഒ. (എം.എസ്) 232/2008/ടി.എസ്.എം നമ്പരായുള്ള സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് ഇവ രൂപീകരിക്കുന്നത്. |
| സി) ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ നിവാരണത്തിനും ശുചിത്വത്തിനുമായി ക്ലീൻ ഡെസ്റ്റിനേഷൻ കാമ്പയിൻ എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | സി) ഉണ്ട്. സംസ്ഥാനത്ത് ടൂറിസം ഡെസ്റ്റിനേഷനുകളിലെ മാലിന്യ നിയന്ത്രണം സംബന്ധിച്ചും ഇതിന്റെ സംസ്കരണത്തിനുമായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഇതര ഏജൻസികൾ എന്നിവരുമായി ചേർന്ന് പരിസ്ഥിതിയ്ക്ക് കോട്ടം തട്ടാത്ത രീതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി |

വരുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പ് വരുത്തുന്നതിനായി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖാന്തിരം കുടുംബശ്രീയുമായി സഹകരിച്ച് "ക്ലീൻ ഡെസ്റ്റിനേഷൻ കാമ്പയിൻ" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ കോവളം, മൂന്നാർ, കുമ്പളങ്ങി പഞ്ചായത്ത്, വർക്കല മുനിസിപ്പാലിറ്റി എന്നീ വിനോദ സഞ്ചാരകേന്ദ്രങ്ങളിൽ വിവിധ എൻ.ജി.ഒ. കളുമായി സഹകരിച്ച് കൊണ്ടുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതികളും നടത്തി വരുന്നു. നീലക്കുറിഞ്ഞി പൂക്കുന്നതുമായി ബന്ധപ്പെട്ട് സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി ദേവികുളം ഗ്രാമപഞ്ചായത്തിന് മാലിന്യ നിർമ്മാർജ്ജനത്തിന് 45 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ കുമരകം, ആലപ്പുഴ എന്നിവിടങ്ങളിലെ കായൽ പ്രദേശങ്ങൾ, ജലാശയങ്ങൾ എന്നിവിട ങ്ങളിൽ പ്രവർത്തനം നടത്തുന്ന ഹൗസ് ബോട്ടുകളിൽനിന്നുമുള്ള ദ്രവമാലിന്യ സംസ്കരണത്തിനായി ഓരോ "സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ (എസ്.റ്റി.പി)" സ്ഥാപിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ